**ദനഹാക്കാലം അഞ്ചാം ഞായർ**

**യോഹ 3:14-21**

**സ്നേഹം = നല്കുക, നടക്കുക പ്രകാശത്തിലേക്ക്**

റവ. ഡോ. ജേക്കബ് ചാണിക്കുഴി

നിക്കദേമൂസുമായുള്ള യേശുവിന്റെ സംഭാഷണത്തിന്റെ തുടർച്ചയാണ് ഇന്നത്തെ സുവിശേഷഭാഗം. എങ്കിലും ഇവിടെ നിക്കദേമൂസ് ഒന്നും സംസാരിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. ഈ സംവാദത്തിൽ നിക്കദേമൂസ് ഒരു പങ്കാളിയേയല്ല. യേശു പ്രദാനം ചെയ്യുന്ന നിത്യജീവനെ, തികച്ചും നവമായ ജീവിതശൈലിയെ, ഉൾക്കൊള്ളാനോ അതിനോടു ഭാവാത്മകമായി പ്രതികരിക്കാനോ നിക്കദേമൂസിനു കഴിയുന്നില്ല. അതിന്റെ കാരണം പഴയ വ്യവസ്ഥിതിയിൽ നിന്നു വിട്ടുമാറാനാകാതെ അതിന്റെ തീക്ഷ്ണമതിയായ കാവൽക്കാരനായി നിക്കദേമൂസ് തുടരുന്നു എന്നതാണ്. എല്ലാം എന്നും നവീകരിച്ചു കൊണ്ടിരിക്കുന്ന ദൈവം എല്ലാ കാലഘട്ടങ്ങളിലും എല്ലാ ദേശങ്ങളിലും എല്ലാ മേഖലകളിലും ഭാവാത്മകമായ മാറ്റങ്ങൾക്കായി ജനഹൃദയങ്ങളെ പ്രചോദിപ്പിക്കുന്നുണ്ട്. അതുൾക്കൊള്ളാനും സ്വീകരിക്കാനും എളിമയും തുറവിയുമുള്ള ഒരു ഹൃദയം നമുക്കാവശ്യമാണ്.

യേശു നിക്കദേമൂസിനോട് സൂചിപ്പിച്ച വീണ്ടും ജനനം അഥവാ ഉന്നതത്തിൽ നിന്നുള്ള ജനനം എങ്ങനെയാണ് സാധ്യമാകുന്നതെന്നാണ് 14-15 വാക്യങ്ങൾ സൂചിപ്പിക്കുന്നത്. ഉന്നതത്തിൽ നിന്നുള്ള ജനനം നിത്യജീവനെയാണ് സൂചിപ്പിക്കുന്നത്. അതു ദൈവൈക്യത്തിലുള്ള ജീവിതമാണ്. യേശുവിന്റെ ഉയർത്തപ്പെടലിലൂടെയാണ് ഈ നിത്യജീവന്റെ സാധ്യത നമുക്കു ലഭ്യമായത്. ഉയർത്തപ്പെടൽ എന്നത് യേശുവിന്റെ കുരിശുമരണത്തെയും സ്വർഗാരോഹണത്തെയും ഒന്നുപോലെ സൂചിപ്പിക്കുന്ന പദമാണ്. ഹുപ്സോ എന്ന ഗ്രീക്കു പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്കിന് വടിയിൽ നാട്ടിനിർത്തുക, ഉയർത്തുക എന്നീ രണ്ട് അർത്ഥങ്ങളുണ്ട്. അതുകൊണ്ട് ഒരേസമയം ഈശോയുടെ കുരിശുമരണത്തെയും മഹത്ത്വീകരണത്തെയുമാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. ഹുപ്സോ എന്ന ഗ്രീക്കു വാക്കിന്റെ പിന്നിലുള്ള നാസ എന്ന ഹീബ്രുവാക്കും മരണത്തെയും മഹത്ത്വീകരണത്തെയും സൂചിപ്പിക്കുന്നതാണ്. ഈ വ്യത്യസ്താർത്ഥങ്ങളിൽ ഈ പദം ഉത്പത്തി 40:13, 19 വാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. മനുഷ്യൻ യേശുവിനെ കുരിശിൽ അപമാനിതനായി നാട്ടിനിർത്തിയപ്പോൾ, ദൈവം അവനെ ഭൂസ്വർഗങ്ങൾക്കു നാഥനായി ഉയർത്തി നിർത്തുകയായിരുന്നുവെന്നർത്ഥം. മനുഷ്യർ യേശുവിനെ അപമാനിതനാക്കാൻ ചെയ്തത് ദൈവം അവന്റെ മഹത്ത്വീകരണമാക്കി മാറ്റി എന്നാണ് സുവിശേഷം നമ്മെ പഠിപ്പിക്കുന്നത്.

ഇന്നത്തെ സുവിശേഷത്തെ ആസ്പദമാക്കി രണ്ടു കാര്യങ്ങൾ നമുക്കു പരിശോധനാവിഷയമാക്കാം. ഒന്ന്, നിക്കദേമൂസിനെപ്പോലെ ദൈവികകാര്യങ്ങളിൽ താത്പര്യമുള്ളപ്പോഴും ദൈവികരഹസ്യങ്ങൾ ഉൾക്കൊള്ളാൻ മാത്രമുള്ള എളിമയും തുറവിയും നമുക്കുണ്ടോ? അതോ ആത്മീയജീവിതത്തെക്കുറിച്ച് ഒന്നും മനസ്സിലാക്കാതെയും അതിന്റെ ആസ്വാദ്യത അനുഭവിക്കാതെ നിൽക്കുന്ന വെറും കാഴ്ചക്കാരും കേൾവിക്കാരും മാത്രമാണോ നമ്മൾ?

രണ്ട്, വിശ്വാസത്തെ പ്രതിയും സന്മാർത്തെ പ്രതിയും മാനവികമൂല്യങ്ങളെ പ്രതിയും നാം അനുഭവിക്കുന്ന അപമാനങ്ങളും പരാജയങ്ങളും നഷ്ടങ്ങളും അതിനാൽത്തന്നെ നമ്മുടെ മഹത്ത്വവും വിജയവും നേട്ടവുമാണെന്ന തിരിച്ചറിവ് നമുക്കുണ്ടോ? സമകാലീനസംഭവങ്ങളെ ആ രീതിയിൽ വിലയിരുത്താനും തദനുസൃതമായ നിലപാടുകൾ സ്വീകരിക്കാനും നാം തയ്യാറാകുന്നുണ്ടോ?